# തിരുവമ്പാടി ദേവസ്വം
# തൃശ്ശൂർ പൂരം 2024: തിരുവമ്പാടിയുടെ ചടങ്ങുകൾ

13.04.2024 : രാവിലെ 9 മുതൽ 10.30 വരെ ശ്രീ.കക്കാട് രാജപ്പൻ മാരാരുടെ ശിഷ്യർ അവതരിപ്പിക്കുന്ന പാഞ്ചാരിമേളം
രാവിലെ 11.00 നും 11.30 നും മദ്ധ്യേ കൊടികയറ്റം
ഉച്ചക്ക് 3 മണിക്ക് : ഒരാനപ്പുറത്ത് എഴുന്നള്ളിപ്പ് ഷൊർണൂർ റോഡ് വഴി നായ്ക്കനാലിലെത്തി തേക്കിൻകാട്ടിൽ കയറുമ്പോൾ ഉപചാര വെടിക്കെട്ട്. ശ്രീമൂലസ്ഥാനത്ത് മേളം കൊട്ടി തീർന്ന് (4 മണി) പടി ഞ്ഞാറെച്ചിറയിൽ ആറാട്ട്. തുടർന്ന് ക്ഷേത്രത്തിലേക്ക് മടങ്ങുന്നു.

13.04.2024 മുതൽ
20.04.2024 വരെ : ദേശത്തെ വിവിധഭാഗങ്ങളിൽ പറയെടുപ്പ്
(വേറെ പ്രോഗ്രാംഷീറ്റ് കാണുക)

16.04.2024(ചൊവ്വാ): കാലത്ത് 8.00 ന് ക്ഷേത്രത്തിൽ കുടസമർപ്പണ ചടങ്ങ്

17.04.2024 : രാവിലെ 10 മണിക്ക് ചമയപ്രദർശനം ഉദ്ഘാടനം
സ്ഥലം : കൗസ്തുഭം ഓഡിറ്റോറിയം, ഷൊർണൂർ റോഡ്,തൃശ്ശൂർ
10.30 മുതൽ രാത്രി 12 മണിവരെ ആനചമയ പ്രദർശനം

17.04.2024 : വൈകീട്ട് 7.00 മുതൽ 8.30 വരെ : സാമ്പിൾ വെടിക്കെട്ട്

18.04.2024 : ആനച്ചമയങ്ങളുടെ പ്രദർനം തുടരുന്നു - രാവിലെ 9.30 മണിമുതൽ രാത്രി 12 വരെ
സ്ഥലം : കൗസ്തൂഭം ഓഡിറ്റോറിയം, ഷൊർണൂർ റോഡ്

18.04.2024 : തിരുവമ്പാടി വിഭാഗം ആനകൾ വടക്കുന്നാഥക്ഷേത്ര മൈതാനത്ത് വൈകീട്ട് 5 മണിക്ക് അണിനിരക്കുന്നു.

19.04.2024 : തൃശ്ശൂർ പൂരം : പുലർച്ചെ 3 മണിയ്ക്ക് : ക്ഷേത്രത്തിൽ നട തുറക്കൽ, വാകചാർത്ത്, അഭിഷേകങ്ങൾ
: പുലർച്ചെ4 മണിമുതൽ 7 മണിവരെ : ക്ഷേത്രനടപ്പുരയിൽ പറനിറയ്ക്കൽ

5.30 ന് : ഉഷപൂജ കഴിഞ്ഞ്, ഉഷശ്ശിവേലി, ഉച്ചശ്ശിവേലി
7.30 ന് : ക്ഷേത്രത്തിനു പുറത്തേയ്ക്ക് പൂരം പുറപ്പെടുന്നു
: 3 ആനകളും നടപ്പാണ്ടിയുമായി ഷൊർണൂർ റോഡിൽകൂടി തെക്കോട്ട്
: 9.00 ന് നായ്ക്കനാലിലെത്തി പടിഞ്ഞാറെ റൗണ്ടിലൂടെ പഴയനടക്കാവിലേക്കിറങ്ങി നടുവിൽ മഠത്തിലേയ്ക്ക്.

10.00 ന് : നടുവിൽ മഠത്തിലെത്തുന്നു

ഉച്ചക്ക്11.30 ന് : നടുവിൽ മഠത്തിലെ ഉപചാരങ്ങൾക്കുശേഷം മഠത്തിൽ വരവ് ആരംഭിയ്ക്കുന്നു.
- 3 ആനകളും പഞ്ചവാദ്യവും

1.15 ന് : മഠത്തിൽ വരവ് സ്വരാജ് റൗണ്ടിൽ
ആനകളുടെ എണ്ണം 7 ആകുന്നു. തുടർന്ന് എഴുന്ന ള്ളിപ്പ് പടിഞ്ഞാറെ റൗണ്ടിലൂടെ നീങ്ങി 2.45ന് നായ്ക്കനാലിലെത്തി പഞ്ചവാദ്യം സമാപിയ്ക്കുന്നു.

| | | |
|---|---|---|
| 3.00 | : | പഞ്ചവാദ്യം സമാപിച്ച് എഴുന്നള്ളിപ്പ് പാണ്ടിമേള ത്തോടെ തേക്കിൻകാടുമൈതാനത്തിലേയ്ക്ക് കയറുന്നു. ആനകളുടെ എണ്ണം 15 ആകുന്നു. |
| വൈകുന്നേരം 4.40 | : | ശ്രീമൂലസ്ഥനത്ത് പാണ്ടിമേളം സമാപിയ്ക്കുന്നു. തുടർന്ന് 15 ആനകളും പടിഞ്ഞാറെ ഗോപുരത്തിലൂടെ വടക്കുന്നാഥൻ ക്ഷേത്രത്തിലേക്ക്. തിടമ്പേറ്റിയ ആന വടക്കുന്നാഥനെ പ്രദക്ഷിണം ചെയ്യുമ്പോൾ മറ്റുള്ള ആനകൾ തെക്കെ ഗോപുരത്തിലേയ്ക്ക് നീങ്ങുന്നു. |
| 5.10 | : | 15 ആനകളും തെക്കെ ഗോപുരത്തിലൂടെ പൂറത്തേക്കിറങ്ങി സ്വരാജ് റൗണ്ടിൽ നിൽക്കുന്ന പാറമേക്കാവിന്റെ ഗജനിരയ്ക്ക് അഭിമുഖമായി നിൽക്കുന്നു. കുടമാറ്റം ആരംഭിയ്ക്കുന്നു. |
| 05.30 - 6.30 | : | കുടമാറ്റം (തുടങ്ങിയാൽ 1 മണിക്കൂറാണ് കുടമാറ്റം) |
| 6.45 | : | കുടമാറ്റം കഴിഞ്ഞ് പാറമേക്കാവ് ഭഗവതിക്ഷേത്രത്തിലേയ്ക്ക് മടങ്ങുന്നു. തിരുവമ്പാടിയുടെ ഗജനിര തെക്കോട്ടിറങ്ങുന്നു. റൗണ്ടിലെത്തിയാൽ 7 ആനകൾ എം.ഒ റോഡിലേയ്ക്ക് നീങ്ങുന്നു. രാജാവിന്റെ പ്രതിമവരെ പോയി തിരിച്ചു വന്ന് റൗണ്ടിൽ 15 ആനകളുടെ നിര വടക്കോട്ടഭിമുഖമായി നിൽക്കുന്നു. 14 ആനകൾ തിരിച്ചു പോകുന്നു. തിടമ്പേറ്റിയ ആന തേക്കിൻകാട്ടിലൂടെ നാദസ്വരത്തിന്റെ അകമ്പടിയുമായി പഴയനടക്കാവിലേയ്ക്ക് നീങ്ങുന്നു. പഴയനടക്കാവിന്റെ കിഴക്കെ അറ്റത്ത് കാണിപൂജ. തുടർന്ന് വേദോച്ചാരണങ്ങളോടെ മഠത്തിലേക്ക് നീങ്ങുന്നു. |
| 7.45 | : | തിടമ്പ് മഠത്തിൽ ഇറക്കുന്നു. |
| 11.30 - 2.30 വരെ | : | മഠത്തിൽ വരവ് (പകലത്തെപോലെത്തന്നെ) |
| 20.04.2024 2.30 പുലർച്ചെ | : | നായ്ക്കനാലിൽ പഞ്ചവാദ്യം കലാശിച്ച് തിടമ്പേറ്റിയ ആനയിൽ നിന്ന് തിടമ്പ് മറ്റൊരാനയിലേക്ക് മാറ്റി, മറ്റുള്ള ആനകളെ ആനകളുടെ വിശ്രമത്താവളങ്ങളിൽ തളയ്ക്കുന്നു. |
| 20..04.2024 പുലർച്ചെ | : | 3.00 മുതൽ 6.00 വരെ : വെടിക്കെട്ട് |
| രാവിലെ 8.30 | : | നായ്ക്കനാലിൽ നിന്ന് 15 ആനകൾ നിരക്കുന്ന എഴുന്നള്ളിപ്പ് ആരംഭിയ്ക്കുന്നു. വാദ്യം : പാണ്ടിമേളം |
| ഉച്ചക്ക് 12 മണി | : | ശ്രീമൂല സ്ഥാനത്ത് പാണ്ടിമേളം സമാപിയ്ക്കുന്നു. |
| 12.30 മുതൽ 1 മണിവരെ | : | ഉപചാരം ചൊല്ലി പിരിഞ്ഞ് ദേവിക്ഷേത്രത്തിലേക്ക് തിരിച്ച് എഴുന്നള്ളുന്നു. പകൽ വെടിക്കെട്ടും |
| 1 മണി | : | ദേവി തിരിച്ചു ക്ഷേത്രത്തിലേയ്ക്ക് |
| വൈകീട്ട് 8.00 - 8.30 | : | ക്ഷേത്രത്തിൽ ഉത്രം വിളക്ക് - കൊടി ഇറക്കൽ |

01.04.2024 സെക്രട്ടറി